# പ്ലാച്ചിമട : ശരിയായ രാഷ്ട്രീയം സജീവമായി ഉയർത്തുക : ആറുമുഖൻ പത്തിച്ചിറ



***● പ്ലാച്ചിമട പ്രശ്നത്തിലുള്ള വീക്ഷണം ?***

കോളകമ്പനിയുടെ പരിസരത്തെ 8 കി. മീ. ചുറ്റളവിലെ കിണർ/ഭൂഗർഭജലം മലിനമാക്കി ജലചൂഷണം മൂലം ചിറ്റൂർ താലൂക്ക് മരുഭൂമിയായി. പ്രദേശവാസികൾക്ക് കുടിവെള്ളവും, കർഷകർക്ക് കൃഷിയും നഷ്ടമായി.

ആഗോള മൂലധനശക്തികൾക്കായി സർക്കാരും രാഷ്ട്രീയ കക്ഷികളും പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നതിന് കൂട്ടു നിൽക്കുന്നു. ജലം വില്പനചരക്കാക്കുന്നു. സാംസ്കാരികാധിനിവേശം, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ.

***● പ്ലാച്ചിമട പ്രശ്നം വിജയിക്കുന്നതെപ്പോൾ?***

കോളകമ്പനി പൂട്ടിയത് ഒന്നാംഘട്ട വിജയമാണ്. കൊക്കക്കോള മൂലം ബാധിക്കപ്പെട്ട ഏകദേശം 5000–ത്തോളം പേർക്ക് പത്ത് ലക്ഷംരൂപ വീതം ഏകദേശം 500 കോടി രൂപ നഷ്ടപരിഹാരം വാങ്ങുന്നത് രണ്ടാംഘട്ട വിജയമായി കണക്കാക്കാം.

ഭൂഗർഭജല ചൂഷണവും, ജലമലിനീകരണവും നടത്തുന്ന ഇന്ത്യയിലെ എല്ലാ സ്വദേശ-വിദേശ കമ്പനികളുടെയും പ്രവർത്തനം നിർത്തിവെക്കുകയും, വ്യാവസായികാവശ്യത്തിന് ജലമുപയോഗിക്കുന്ന ഫാക്ടറികളെ നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. അതോടൊപ്പം പെപ്സി - കൊക്കക്കോളകളുടെ ഉൽപ്പാദനവും, വിപണനവും രാജ്യത്ത് നിരോധിക്കുകയും, ഇവയുടെ പ്രവർത്തനം മൂലം പരിസ്ഥിതിക്കും, പ്രദേശവാസികൾക്കും ഉണ്ടായ കെടുതികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുമ്പോൾ സമരത്തിന്റെ മൂന്നാംഘട്ട വിജയമായി കണക്കാക്കാം.

**● കേരള ജനതയോടുള്ള ഇടതുപക്ഷത്തിന്റെ വഞ്ചനയുടെ രഹസ്യ അജണ്ട**

ഉള്ളത്കൊണ്ട്. 2003 ഏപ്രിൽ 13 ജാലിയൻ വാലാബാഗ് ദിനം മുതൽ കേരളം കോളാ വിമുക്തമാക്കുമെന്ന ഇടതുപക്ഷ യുവജന സംഘടനകളുടെ പ്രഖ്യാപനം തന്നെ ഉദാഹരണം. ഇടതുപക്ഷ സംഘടനകൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ 24 മണിക്കൂറിനുള്ളിൽ കോളകളുടെ ഉൽപ്പാദനവും, വിപണനവും സ്തംഭിപ്പിക്കാൻ കഴിയും. പെപ്സി, കൊക്കക്കോള പോലുള്ള ഭൂഗർഭ ജലചൂഷകരോടുള്ള അവിഹിത ബന്ധങ്ങളും, സ്വാധീനങ്ങളുമാണ് അത്തരം നീക്കങ്ങൾ നടത്താതിരിക്കാനുള്ള കാരണം.

**ഒന്നാമതായി**

സമരസമിതി സജീവമാക്കി സമരത്തിന് നേതൃത്വം കൊടുക്കുന്ന ആദിവാസികളായ മറ്റാരെയെങ്കിലും ഉത്തരവാദിത്തം എൽപ്പിക്കണം.

പല നിക്ഷിപ്ത താല്പര്യക്കാരും പ്രാദേശിക ആദിവാസി ജനതയുടെ താൽപ്പര്യങ്ങളെ കാറ്റിൽപ്പറത്തി എ.എസ്. എസ്. പ്രവർത്തകരുടെ പങ്കാളിത്തമില്ലാത്ത തീരുമാനങ്ങൾ സമരസമിതിക്കുമേൽ അടിച്ചേൽപ്പിക്കുന്നുണ്ട്. അതിനെ ഇല്ലാതാക്കണം.

**രണ്ടാമതായി**

വൈരുദ്ധ്യങ്ങളാൽ മാറി നിൽക്കുന്നവരെ ഉൾപ്പെടുത്തി സമരസമിതി ശക്തമാക്കുകയും സ്വതന്ത്രമാക്കുകയും ചെയ്യേണ്ടതാണ്. പ്രക്ഷോഭ പരിപാടികൾ നടത്തുന്നത് പ്രവർത്തന രൂപരേഖയുടെയും തീരുമാനിക്കപ്പെട്ട പദ്ധതികളുടെയും അടിസ്ഥാനത്തിലായിരിക്കണം. അതോടൊപ്പം, കോളക്കമ്പനി മൂലമുണ്ടായ കിണർ/ഭൂഗർഭജല മലിനീകരണത്തെ സംബന്ധിച്ച ശരിയായ പഠന പ്രവർത്തനങ്ങൾ ചെയ്യാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക. ബാധിക്കപ്പെട്ടവരെക്കൊണ്ട് മേൽപ്പറഞ്ഞ പഠന റിപ്പോർട്ട് ഉപയോഗിച്ച് നഷ്ടപരിഹാരത്തിന് കേസ്സ് കൊടുപ്പിക്കുക.

1. രാഷ്ട്രീയ പാർട്ടികളുടെ അമിതമായ ഇടപെടൽ അവസാനിപ്പിക്കുക.

2. ജലമലിനീകരണത്തെ സംബന്ധിച്ച പര്യാപ്തമായ ഒരു പഠന റിപ്പോർട്ടുകളും നിലവിലില്ല, അതുടനെ വേണം.

3. രാഷ്ട്രീയ പാർട്ടികളുടെ ബാഹ്യ നിയന്ത്രണത്തിൽ നിന്ന് സമര സമിതിയെ മാറ്റുക.


**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

• സാമ്പത്തിക പതിപ്പ്-
ധനകാര്യസ്ഥാപനങ്ങൾ
• മഴ - അറിവ്, അനുഭവം
• കുടുംബം, ലൈംഗികത
• കൃഷിയുടെ വർത്തമാനം, ഭാവി?
• സഹകരണമേഖലയിലെ
വർത്തമാനം
• ആയുർവ്വേദത്തിന്റെ ആരോഗ്യം?
• മനുഷ്യബോധം എന്ന അത്ഭുതം
• ഇക്കോ ടൂറിസം :
കേരളത്തിന്റെ ഭാവി

**കേരളീയം അറിയിപ്പ്**
**വ്യവസായ വികസനം/വിനാശം**

വ്യവസായ മാലിന്യം - വികസനം -
പരിസ്ഥിതി - നിലനിൽപ് -
സുപ്രീംകോടതി മോണിറ്ററിംഗ്
കമ്മിറ്റിയുടെ ഇടപെടൽ
കേരളീയ
വ്യവസായ വികസനത്തെ
അന്വേഷണ വിധേയമാക്കുന്നു.
തുടർ ലക്കങ്ങളിൽ പ്രതീക്ഷിക്കുക.
പത്രാധിപർ